പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3976

21.06.2019 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ തടയുന്നതിനുള്ള നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എം. ഷാജി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകളെ സംബന്ധിച്ച് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ കെ.വി.പ്രശോഭൻ സർക്കാർ ഉത്തരവുപ്രകാരം അന്വേഷണം നടത്തി 28.09.2017-ന് സമർപ്പിച്ച വകുപ്പുതല അന്വേഷണ റിപ്പോർട്ടിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) | കൺസ്യൂമർഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി 28.09.2017 ൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല. അന്വേഷണ കാലയളവിൽ വിവിധ ഘട്ടങ്ങളിലായി അന്വേഷണ കാലാവധി സർക്കാർ ദീർഘിപ്പിച്ച് നൽകിയിരുന്നു. അന്വേഷണ കാലാവധി ദീർഘിപ്പിച്ചതിനെതിരെ ഫെഡറേഷന്റെ മുൻ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ഡോ.റിജി.ജി.നായർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)39358/16 നമ്പർ കേസ് 06.03.2017 ലെ വിധി പ്രകാരം ഡിസ്മിസ് ചെയ്തിരുന്നു. ഈ വിധിക്കെതിരെ ടിയാൻ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ 1554/17 ലെ 01.08.2018 ലെ വിധി പ്രകാരം അന്വേഷണത്തിന്മേലുള്ള തുടർ നടപടികൾ താൽക്കാലികമായി സ്റ്റേ ചെയ്തിരുന്നു. ടി സ്റ്റേ നിലനിൽക്കുന്നതിനാൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. |
| ബി) | നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; ക്രമക്കേട് നടത്തിയവർക്കെതിരെ അടിയന്തരമായി വകുപ്പുതല നടപടികൾ സ്വീകരിക്കുമോ ; | ബി) | കൺസ്യൂമർ ഫെഡറേഷനിൽ സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം പൂർത്തിയായി സമർപ്പിച്ച റിപ്പോർട്ടിന്മേലുള്ള തുടർ നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ റിട്ട് അപ്പീൽ നമ്പർ 1554/2017 നമ്പർ കേസിലെ 01.08.2018 ലെ വിധി പ്രകാരം താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്. നിലവിൽ ടി കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണ്.<br>ടി കേസിലെ സ്റ്റേ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി കിട്ടുന്ന മുറയ്ക്ക് ക്രമക്കേട് നടത്തിയവർക്കെതിരെ സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| സി) | കൺസ്യൂമർ ഫെഡിലെ ക്രമക്കേടുകൾ തടയുന്നതിന് ആവശ്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ ? | സി) | കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ തടയുന്നതിനായി ഭരണസമിതി ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി റീജിയണൽ തലത്തിൽ തന്നെ യൂണിറ്റുകളുടേയും ഗോഡൗണുകളുടേയും മോണിട്ടറിംഗ് ശക്തിപ്പെടുത്തി എല്ലാ മാസവും പരിശോധനയിന്മേലുള്ള അവലോകനം നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പുറമേ ഹെഡ് ആഫീസ് തലത്തിൽ മാനേജിംഗ് ഡയറക്ടറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഒരു ഇൻസ്പെക്ഷൻ ടീമിനെ നിയമിച്ചിട്ടുണ്ട്. ഈ ടീം പരാതികളുടെ അടിസ്ഥാനത്തിലും മാനേജിംഗ് ഡയറക്ടറുടെ നിർദ്ദേശത്തിന്മേലും പരിശോധനയും മിന്നൽ പരിശോധനയും നടത്തി വരുന്നു. ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായാൽ ഉടനെ അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ